പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1661      05.12.2014 ലെ മറുപടിയ്ക്ക്

കർഷകഭവൻ കൃഷിക്കാർക്ക് ഉപയോഗപ്പെടുത്തുന്നതിനുള്ള സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരത്ത് നിർമ്മിച്ചിട്ടുള്ള കർഷകഭവൻ കൃഷിക്കാർക്ക് ഉപയോഗപ്പെടുത്തുന്നതിനു സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; ഇതിനു വേണ്ടി എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നു വ്യക്തമാക്കാമോ ; | (എ) കർഷക ഭവൻ കൃഷിക്കാർക്ക് ഉപയോഗപ്പെടുത്തുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ആയതിലേക്ക് എല്ലാ ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കർഷകർക്ക് കർഷക ഭവനം അനുവദിക്കുന്നതിന് കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെ ശുപാർശ ആവശ്യമാണ്. താമസ സൗകര്യം വേണമെന്ന വിവരവും മുൻകൂട്ടി അറിയിക്കേണ്ടതുണ്ട്. താമസ സൗകര്യത്തിന് മുറികൾ അനുവദിക്കുമ്പോൾ തിരിച്ചറിയൽ കാർഡും ആവശ്യമാണ്. |
| (ബി) 2011 ജൂൺ മുതൽ 2014 നവംബർ വരെ കർഷകഭവനിൽ എത്ര കർഷകർ താമസിച്ചുവെന്നും ഇതുമൂലം കൃഷിവകുപ്പിന് എത്ര തുക ലഭിച്ചുവെന്നും വ്യക്തമാക്കാമോ ? | (ബി) 2011 ജൂൺ മുതൽ 2014 നവംബർ വരെ കർഷക ഭവനിൽ 407 കർഷകർ താമസിച്ചിട്ടുണ്ട്. വാടക ഇനത്തിൽ 20350/- രൂപ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ